# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2239** | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## പെട്രോൾ, ഡീസൽ നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോൾ,ഡീസൽ എന്നിവയുടെ നികുതിയിൽ ഗുജറാത്ത്, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങൾ കുറവുവരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പെട്രോൾ, ഡീസൽ വിലയിൽ എക്സൈസ് തീരുവ ഇനത്തിൽ കേന്ദ്ര സർക്കാർ രണ്ട് രൂപ കുറവ് വരുത്തിയിട്ടുണ്ടോ; | (ബി) | കേന്ദ്രം എക്സൈസ് തീരുവ പല തവണ വർദ്ധിപ്പിക്കുകയും 4/10/2017 ൽ മാത്രം പെട്രോൾ, ഡീസൽ വിലയിൽ കേന്ദ്ര എക്സൈസ് തീരുവ ഇനത്തിൽ 2 രൂപയുടെ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഒരു ലിറ്റർ പെട്രോളും, ഡീസലും വിൽക്കുമ്പോൾ സംസ്ഥാന സർക്കാർ എന്ത് തുകയാണ് നികുതി ഇനത്തിൽ ഈടാക്കുന്നത്; | (സി) | 01.02.2018-ലെ വില്പന പ്രകാരം ഒരു ലിറ്റർ പെട്രോളിന് 18.38 രൂപയും ഒരു ലിറ്റർ ഡീസലിന് 13.95 രൂപയുമാണ് നികുതിയിനത്തിൽ സംസ്ഥാന സർക്കാർ ഈടാക്കുന്നത്. |
| (ഡി) | സംസ്ഥാനങ്ങളും നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകണമെന്ന് കേന്ദ്രധനമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്ന് പറയുമോ ; | (ഡി) | ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ, അന്താരാഷ്ട്ര വിപണിയിൽ എണ്ണവിലയിൽ ഉണ്ടായ കുറവിന്റെ ആനുകൂല്യം കേന്ദ്ര സർക്കാർ ജനങ്ങൾക്ക് കൈമാറിയിട്ടില്ലെന്നു മാത്രമല്ല എക്സൈസ് തീരുവ ഏതാണ്ട് പത്ത് മടങ്ങായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി വരുമാനം |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ, ഡീസലിന്റെയും പെട്രോളിന്റെയും സെയിൽസ് ടാക്സ് നിരക്ക് 5 ശതമാനമായി കുറയ്ക്കുകയാണെങ്കിൽ, സംസ്ഥാനത്തിന് വാർഷിക വരുമാനത്തിൽ ഏകദേശം 1136 കോടിയുടെ കുറവുണ്ടാകുന്നത് താങ്ങാൻ പറ്റാത്തതാണ്. |
| (ഇ) | മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിനും, ഡീസലിനും ഉണ്ടായിരുന്ന അധിക നികുതി കുറവ് ചെയ്തിരുന്നോ ; ഇപ്രകാരം കുറവ് ചെയ്തത് മൂലം പ്രസ്തുത സർക്കാരിന്റെ കാലത്ത് നികുതിയിനത്തിൽ എന്ത് തുക നഷ്ടം സംഭവിച്ചിരുന്നുവെന്ന് അറിയിക്കുമോ? | (ഇ) | മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിനും ഡീസലിനും ഉണ്ടായിരുന്ന അധിക നികുതി കുറവ് ചെയ്തിരുന്നു. ഇപ്രകാരം കുറവ് ചെയ്തതുമൂലം പ്രസ്തുത സർക്കാരിന്റെ കാലത്ത് നികുതി ഇനത്തിൽ 619.17 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**